LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി വി.ആർ. പുരത്തെ ഗവ. ഐ.ടി.ഐ. യിൽ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ്

257(4543) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ചാലക്കുടി വി.ആർ.പുരത്തെ ഗവ.ഐ.ടി.ഐ.-യിൽ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ് അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുകയും ഇതിനായുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്ത സാഹചര്യത്തിൽ ഇലക്ട്രീഷ്യൻ ട്രേഡ് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പരിശോധിച്ചുവരുന്നു.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഡെയിലി വേജ് സ്റ്റാഫ്

258 (4544) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ്ഡാഫീസിലും ജില്ലാ ഓഫീസുകളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിയമിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും തസ്തികയും ശമ്പളവും വിശദമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളത് ഏതെങ്കിലും എഴുത്ത് പരീക്ഷയുടെയോ ഇന്റർവ്യൂവിന്റെയോ അടിസ്ഥാനത്തിലാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസിലുമായി കുടിശ്ശിക ജോലി ചെയ്തു തീർക്കുന്നതിന്

അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസ വേതന ജീവനക്കാരുടെ സേവനം ലഭ്യമാക്കാറുണ്ട്. കുടിശ്ശിക ജോലികൾ തീരുന്നമുറയ്ക്ക് പ്രസ്തുത ജീവനക്കാരുടെ സേവനം അവസാനിപ്പിക്കാറുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) അല്ല. കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസിലുമായി കുടിശ്ശിക ജോലി ചെയ്തുതീർക്കുന്നതിന് അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസവേതന ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കുടിശ്ശിക ജോലികൾ തീരുന്നമുറയ്ക്ക്, ടി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുകയുമാണ് ചെയ്യുന്നത്.

പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം

259(4545) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012-13 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒ.ബി.സി. വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് രാജ്യത്തെ ജൂഡീഷ്യറിയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും, അഭിഭാഷക വൃത്തിയിൽ പ്രാക്ടീസ് ആരംഭിക്കുന്നതിനും തുടരുന്നതിനുമുള്ള പ്രോത്സാഹനം.

(സി) നിയമപുസ്തകങ്ങളും യൂണിഫോമും വാങ്ങുന്നതിന് ആദ്യ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഒരാൾക്ക് വർഷം 7500 രൂപ വീതം ആകെ 22,500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly